**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **23-07-2021 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയ്ക്കായി പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും ജലസംരക്ഷണത്തിനും അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും ലസംരക്ഷണത്തിനുമായുള്ള പദ്ധതികൾ നിലവിലില്ല. എന്നാൽ മറ്റ് സംസ്ഥാനങ്ങിൽ നടപ്പിലാക്കുന്ന നൂതന സാങ്കേതിക വിദ്യകൾ പഠനം നടത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. |
| (ഡി) | രണ്ട് പ്രളയങ്ങൾക്ക് ശേഷം നദികളിലടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പരിപാടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ഡി) | 2018 ലെ മഹാപ്രളയം, 2019 ലെ പ്രളയം എന്നിവയെത്തുടർന്ന് തടസ്സപ്പെട്ട ജലസ്രോതസ്സുകളിലെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപന തലത്തിലും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ജലസ്രോതസ്സുകളുടെ ഉറവിടത്തിന് പ്രത്യേക പ്രാധാന്യം നൽകി ridge to valley എന്ന ശാസ്ത്രീയ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. നീർച്ചാലുകൾ ഒഴുക്കു നിലച്ച് മലിനീകരിക്കപ്പെടുന്നതു തടയുന്നതിനായി **'ഇനി ഞാനൊഴുകട്ടെ'** എന്ന ഹരിതകേരളം മിഷന്റെ കാമ്പയിനിലൂടെ നീർച്ചാലുകളുടെ ശാസ്ത്രീയ വീണ്ടെടുപ്പിനായി മൂന്നാംഘട്ട പ്രവർത്തനങ്ങളും ജനകീയ പങ്കാളിത്തത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലസംരക്ഷണ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഡാമുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഹരിതാഭ നിലനിർത്തി, മണ്ണൊലിപ്പു തടയുന്നതിനും ജലസംരക്ഷണം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തികൾ നിർവഹിച്ചുവരുന്നു.

കുടിവെള്ള വിതരണത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മെച്ചപ്പെടുത്തി ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ധനലഭ്യത അനുസരിച്ച് ഏറ്റെടുത്തു നടപ്പാക്കി വരുന്നു.

ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ സ്രോതസ്സിനു സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയവ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും, ജലം എടുക്കുന്ന കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് ജലലഭ്യത ഉറപ്പുവരുത്തുകയും, ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി പൂർണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണശൃംഖല മെച്ചപ്പെടുത്തൽ/ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികളും ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നു. ഇതിനായി "Source Improvement" എന്ന ബഡ്ജറ്റ് ഹെഡ് സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യബോർഡുകൾ സ്ഥാപിക്കുകയും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം, റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികൾ ആക്കിമാറ്റി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാനുമുള്ള സമീപനമാണ് കൈക്കൊള്ളുന്നത്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം വളരെയധികം മലിനമായ കരമന ആറിനെയും കിള്ളിയാറിനെയും സീവേജ് മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുവാൻ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. അരുവിക്കര അണക്കെട്ടിലേയും സമീപപ്രദേശങ്ങളിലെയും മാലിന്യനിക്ഷേപം തടയുന്നതിനായി ഏതാനും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷണവേലി ഭാഗികമായി സ്ഥാപിക്കുന്നതിനുള്ള പണികൾ പുരോഗമിക്കുന്നു. പേപ്പാറ അണക്കെട്ടിന്റെ സംഭരണശേഷി വർധിപ്പിക്കുവാനായി വനം വന്യജീവി വകുപ്പിന്റെ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദ്രുതഗതിയിലുള്ള നഗരവത്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലമുണ്ടാകുന്ന അതിവർഷം, വരൾച്ച, അമിതമായ ഭൂജല ഉപയോഗം എന്നിവയെ ദീർഘകാലാടിസ്ഥാനത്തിൽ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി **'ഭൂജല സംരക്ഷണവും, സംപോഷണവും എന്ന പദ്ധതി'** നടപ്പിലാക്കിവരുന്നു.

ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ, ജല സംരക്ഷണത്തിനായി ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), എന്നീ രീതികളും മഴകേന്ദ്രം വഴി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof Water Harvesting) എന്നിവയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

2018 ലെ മഹാപ്രളയം, 2019 ലെ പ്രളയം എന്നിവയെത്തുടർന്ന് ജലസ്രോതസ്സുകളിലും തടയണ/റെഗുലേറ്റർ എന്നിവയുടെ സമീപത്തും മാലിന്യവും എക്കലും ചെളിയും മണലും അടിഞ്ഞു കൂടിയിട്ടുള്ളത് നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്. ഇത് നീക്കം ചെയ്യാനും പ്രളയ ലഘൂകരണം മുൻനിർത്തിയും നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി ആദ്യഘട്ടമെന്ന നിലയിൽ 6 നിർമ്മിതികളുടെ സമീപം അടിഞ്ഞു കൂടിയ മാലിന്യം/എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിൽപ്പെടുന്ന ആറ് പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് 2021-22 ബഡ്ജറ്റിൽ 500 കോടി രൂപ KIIFB മുഖേന നീക്കിവച്ചിട്ടുണ്ട്.

നദികളിലേക്ക് എത്തിച്ചേരുന്ന നീർച്ചാലുകളിൽ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ "ഇനി ഞാനൊഴുകട്ടെ" എന്ന കാമ്പയിനിലൂടെ മൂന്നു ഘട്ടങ്ങളിലായി ഹരിതകേരളം മിഷൻ ഏറ്റെടുത്ത് സംസ്ഥാനത്തെ 10257.57 കി.മി. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

ജലശുദ്ധീകരണശാല, പമ്പ് ഹൗസ് എന്നിവയുടെ സ്രോതസ്സുകളായ ലീഡിങ് ചാനൽ, ഗ്യാലറി, കിണർ എന്നിവയിൽ പ്രളയങ്ങൾ മൂലം അടിഞ്ഞു കൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ച് ജല വിതരണം പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന് കേരള ജല അതോറിറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

രണ്ട് പ്രളയങ്ങൾക്ക് ശേഷം നദികളിൽ അടിഞ്ഞു കൂടിയ മാലിന്യം നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനാവശ്യമായ വിവിധ പദ്ധതികൾ പ്ലാൻ പദ്ധതി, എസ്.ഡി.ആർ.എഫ് എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ 593 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 511 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ